L_SPATCHED
On.09/8/2021.



28/7/21

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 493(1)/2020/SICതീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽനമ്പർ: 4355/SIC-G4/2020)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 ജൂലൈ 28**

ശ്രീമതി അജിതകുമാരി ആർ.,
കുഴിവിള വീട്,
കാരേറ്റ്, വാമനപുരം പി.ഒ.,
തിരുവനന്തപുരം – 695 606.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സീനിയർ സൂപ്രണ്ട്,
   റവന്യൂ ഡിവിഷണൽ ഓഫീസ്,
   സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്,
   തിരുവനന്തപുരം.

2. അപ്പീൽ അധികാരി &
   റവന്യൂ ഡിവിഷണൽ ഓഫീസർ,
   റവന്യൂ ഡിവിഷണൽ ഓഫീസ്,
   സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്,
   തിരുവനന്തപുരം.

} എതിർകക്ഷികൾ

## ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 29/06/2020–ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ സമയബന്ധിതമായി നൽകാതിരുന്നതിന് ഒന്നാം എതിർകക്ഷിയോടും ഒന്നാം അപ്പീൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാതിരുന്നതിന് രണ്ടാം എതിർകക്ഷിയോടും കമ്മീഷൻ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ആയത് പ്രകാരം എതിർകക്ഷികൾ ലഭ്യമാക്കിയ വിശദീകരണം, ടിയാളുകളെ നേരിൽ കേട്ട വേളയിൽ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച വസ്തുതകൾ എന്നിവ കമ്മീഷൻ പരിശോധിച്ചു.

2. പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ആയിരുന്ന ശ്രീ. അനിൽകുമാർ റ്റി.എസ്. ബോധിപ്പിച്ചത്, കാരേറ്റ്, കുഴിവിള ശ്രീ. സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം റിസീവർ ഭരണത്തിൽ എടുത്തതുമായി ബന്ധപ്പെട്ട തിരുവനന്തപുരം റവന്യു ഡിവിഷണൽ ഓഫീസിലെ എം.സി.72/2006 നമ്പർ ഫയൽ സംബന്ധിച്ച വിവരങ്ങൾ ആരാഞ്ഞ് 02.12.2019-ന് സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി നൽകുന്നതിന് ആവശ്യമായ ഫയൽ കണ്ടെത്താൻ എസ്.പി.ഐ.ഒ.യും, എ.പി.ഐ.ഒ., സെക്ഷൻ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, റിക്കാർഡ് കീപ്പർ എന്നിവർ ആത്മാർത്ഥമായ പരിശ്രമങ്ങൾ നടത്തിയിട്ടും മേൽപ്പടി ഫയൽ കണ്ടെത്താനായിട്ടില്ലെന്നും, ടി വിവരം അറിയിച്ചുകൊണ്ട് 27.12.2019-ന് ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതാണെന്നും മേൽപ്പടി മറുപടിയ്ക്കെതിരെ ടിയാൾ 03.01.2020-ന് അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും, ടി കാര്യലയത്തിലെ എം.സി.72/2006 നമ്പർ ഫയൽ കണ്ടെത്തുവാൻ താൻ സ്ഥലം മാറി പോയതിന് ശേഷവും ഊർജ്ജിതമായ ശ്രമം നടത്തിയിരുന്നുവെങ്കിലും ആയത് കണ്ടെത്താൻ കഴിഞ്ഞില്ല എന്നും പ്രസ്തുത സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ക്ലാർക്ക് 2013-ൽ അകാലത്തിൽ മരണപ്പെട്ടു പോകുകയും ടിയാന് ശേഷം സെക്ഷനിൽ നിയമിതനായ ജീവനക്കാരൻ ഫയലുകൾ ഏറ്റെടുത്ത അവസരത്തിൽ ടി ഫയൽ ലഭിച്ചിരുന്നതായി ചാർജ് കൈമാറ്റ രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നില്ലെന്നും പ്രസ്തുത സെക്ഷനിൽ റിസീവർഷിപ്പുമായി ബന്ധപ്പെട്ട പല ഫയലുകളും ടി വിഷയങ്ങളിൽ കേസുകൾ നിലനിൽക്കുന്ന ബഹു. കോടതികളിൽ നിന്നും ആവശ്യപ്പെടുന്നതിൻ പ്രകാരം കോടതികൾക്ക് കൈമാറാറുള്ളതും കേസ് കഴിയുന്ന മുറയ്ക്ക് തിരികെ ലഭിയ്ക്കാറുള്ളതുമാണെന്നും കോടതിയിൽ ഫയലിനായി അന്വേഷണം നടത്തിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും അപ്പീൽ അധികാരിയായ സബ് കളക്ടർ അപ്പീൽ അപേക്ഷയിൻമേൽ തീർപ്പു കൽപ്പിക്കുന്നതിന് ടി ഫയൽ പുന:നിർമ്മിക്കാൻ ഉത്തരവ് നൽകിയിട്ടുള്ളതാണെന്നും ടിയാൻ 5.8.2019 മുതൽ 31.3.2020 വരെയുള്ള 8 മാസം മാത്രമാണ് ആർ.ഡി.ഒ. ഓഫീസിൽ ജോലി ചെയ്തിരുന്നതെന്നും ടി സമയം വിവരാവകാശ നിയമപ്രകാരം ലഭിച്ചിട്ടുള്ള എല്ലാ ഫയലുകൾക്കും മറുപടി നൽകുവാൻ ആത്മാർത്ഥമായി ശ്രമിച്ചിട്ടുള്ളതാണെന്നും എന്നാൽ ടി ഫയൽ നാളിതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതിനാലാണ് ഫയൽ കാണാനില്ല എന്ന മറുപടി നൽകിയതെന്നും ആത്മാർത്ഥവും സത്യസന്ധവും ഊർജ്ജിതവുമായ ശ്രമം നടത്തിയിട്ടും ഫയൽ എവിടെയാണെന്ന് കണ്ടെടുക്കാൻ സാധിക്കാത്തതു കൊണ്ടും സമയബന്ധിതമായി മറുപടി നൽകേണ്ടതിനാലുമാണ് ഫയൽ കണ്ടെത്തി വിവരം അടിയന്തിരമായി ലഭ്യമാക്കുന്നതാണെന്ന മറുപടി

നൽകിയിട്ടുള്ളതെന്നും അല്ലാതെ ടി വിഷയത്തിൽ മന:പ്പൂർവ്വമായ യാതൊരു വീഴ്ചയും തന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നുമാണ്.

3. പരാമർശിത കാലയളവിലെ രണ്ടാം എതിർകക്ഷിയായിരുന്ന ശ്രീമതി അനുകുമാരി ഐ.എ.എസ്സ് ബോധിപ്പിച്ചത്, തിരുവനന്തപുരം ജില്ലയിലെ അസിസ്റ്റന്റ് കളക്ടറായിരിക്കെ പരിശീലനത്തിന്റെ ഭാഗമായി 10.1.2020 മുതൽ 22.1.2020 വരെ തിരുവനന്തപുരം ആർ.ഡി.ഒ.യുടെ ചുമതലയുണ്ടായിരുന്നുവെന്നും തുടർന്ന് 23.1.2020 മുതൽ 31.1.2020 വരെ കേരള ദർശൻ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് വിടുതൽ ചെയ്തിട്ടുള്ളതാണെന്നും തുടർന്ന് 1.2.2020 മുതൽ 25.2.2020 വരെ വീണ്ടും ആർ.ഡി.ഒ.യുടെ ചുമതലയുണ്ടായിരുന്നുവെന്നും കാരേറ്റ് കുഴിവിള ശ്രീ. സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം റിസീവർ ഭരണത്തിൽ എടുത്തതുമായി ബന്ധപ്പെട്ട തിരുവനന്തപുരം റവന്യു ഡിവിഷണൽ ഓഫീസിലെ എം.സി.72/2006 നമ്പർ ഫയൽ സംബന്ധിച്ച വിവരങ്ങൾ ആരാഞ്ഞ് 02.12.2019 തീയതി വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് 27.12.2019–ന് ഹർജിക്കാരിക്ക് മറുപടി നൽകിയിട്ടുള്ളതാണെന്നും മേൽപ്പടി മറുപടിയ്ക്കെതിരെയാണ് 03.01.2020–ന് അപ്പീൽ അപേക്ഷ സമർപ്പിച്ചതെന്നും അപ്പീലിന്മേൽ നേരിൽ കേൾക്കുന്നതിനായി ക്ലാർക്ക് 29.1.2020 തീയതിയാണ് ഫയൽ സമർപ്പിച്ചതെന്നും അന്നേ ദിവസം തന്നെ 1.2.2020–ന് നേരിൽ കേൾക്കുന്നതിനായി നോട്ടീസ് നൽകിയ പ്രകാരം ടിയാളുകൾ നേർകാഴ്ചയ്ക്കായി ടി ഓഫീസിൽ ഹാജരായിട്ടുള്ളതാണെന്നും അന്നേ ദിവസമാണ് ടി കാര്യാലയത്തിൽ താൻ ആർ.ഡി.ഒ. ഇൻചാർജ്ജ് & അപ്പീൽ അധികാരിയായി നിയമിതയായതെന്നും എന്നാൽ കക്ഷി ഹാജരായ സമയം ഞാൻ ഓഫീസിൽ ഹാജരില്ലാതിരുന്നതിനാൽ അപ്പീൽ കക്ഷിയുടെ മൊഴി രേഖപ്പെടുത്തുന്നതിന് ജൂനിയർ സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണെന്നും ടി കാര്യാലയത്തിലെ എം.സി.72/2006 നമ്പർ ഫയൽ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുള്ളതല്ല എന്ന് ഫയലിൽ നിന്നും ബോധ്യമായതിനാൽ, രേഖപ്പെടുത്തിയിട്ടുള്ള മൊഴിയുടെയും മറ്റ് വിവരങ്ങളുടെയും അടിസ്ഥാനത്തിൽ നഷ്ടപ്പെട്ടുപോയ ഫയൽ പുനർനിർമ്മിക്കുന്നതിനും അപേക്ഷകയുടെ ഉടമസ്ഥതയിലുള്ളതും റിസീവർ ഭരണത്തിലായിരുന്നതുമായ വസ്തു വിടുതൽ ചെയ്ത് നൽകണമെന്ന ആറ്റിങ്ങൽ മുൻസിഫ് കോടതിയുടെ 7.8.2019–ലെ ഒ.എസ്.58/2006 നമ്പർ ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കി 3 ആഴ്ചയ്ക്കകം അപ്പീൽ കക്ഷിയുടെ പരാതി പരിഹരിക്കുന്നതിനും 1.2.2020 തീയതി തന്നെ ഫയലിൽ നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും തുടർന്ന് 25.2.2020–ന് ടി കാര്യാലയത്തിൽ നിന്നും വിടുതൽ ലഭിച്ചിട്ടുള്ളതാണെന്നുമാണ്.

4. ഇക്കാര്യം പരിശോധിച്ചതിൽ അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ട വിവരം നൽകുവാൻ കഴിയാതിരുന്നത് ബന്ധപ്പെട്ട ഫയൽ കണ്ടെടുക്കാൻ പറ്റാത്തവിധം നഷ്ടപ്പെട്ടതിനാലാണെന്നും ആയത് കണ്ടെത്തി നൽകുന്നതിന് ആത്മാർത്ഥമായ ശ്രമം എതിർകക്ഷികൾ നടത്തിയതായും പിന്നീട് രണ്ടാം എതിർകക്ഷിയുടെ നിർദ്ദേശത്തെ തുടർന്ന് ഫയൽ പുനർ നിർമ്മിച്ച്, അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ട രേഖകൾ നൽകിയതായും കാണുന്നു. ആയതിൽ നിന്നും സമയബന്ധിതമായി മറുപടി നൽകുന്നതിലും അപ്പീൽ തീർപ്പാക്കുന്നതിലും മന:പൂർവ്വമായ വീഴ്ച എതിർകക്ഷികളുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല എന്നത് കണക്കിലെടുത്ത് ശ്രീ. അനിൽകുമാർ റ്റി.എസ്., ശ്രീമതി അനുകുമാരി ഐ.എ.എസ്സ് എന്നിവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുവാനുള്ള താത്ക്കാലിക തീരുമാനം ഒഴിവാക്കി ടി ഫയലിലെ തുടർനടപടികൾ അവസാനിപ്പിച്ചു കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ജൂലൈ 28-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യവിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

US

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM